III. ശ്രദ്ധ ക്ഷണിക്കൽ

(1) പെപ്സി, കൊക്കകോള കമ്പനികൾ നടത്തുന്ന ജലചൂഷണംമൂലം പാലക്കാട് ജില്ലയിൽ ഉണ്ടായിരിക്കുന്ന ഗുരുതരാവസ്ഥ

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഇവിടെ അവതരിപ്പിക്കുന്നത്. പാലക്കാട് ജില്ലയിലും അതുപോലെ കേരള സംസ്ഥാനത്തും ഒരു പക്ഷേ നമ്മുടെ രാജ്യത്തെയാകെ ബാധിക്കുന്ന ഏറ്റവും രൂക്ഷമായ ജലക്ഷാമത്തെ സംബന്ധിച്ചാണ് ഞാൻ ഇവിടെ വിശദീകരിക്കുന്നത്. പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ പ്ലാച്ചിമടയിലും പാലക്കാട് താലൂക്കിലെ കഞ്ചിക്കോട്ടും കൊക്കകോള, പെപ്സി കോള കമ്പനികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ വർഷം പാലക്കാട് ജില്ലയെ വരൾച്ച ബാധിത ജില്ലയായി പ്രഖ്യാപിച്ചിരുന്നു. ചിറ്റൂർ താലൂക്കിനെ 2002-2004 വർഷങ്ങളിൽ തുടർച്ചയായി രണ്ടു വർഷം വരൾച്ച ബാധിത താലൂക്കായി പ്രഖ്യാപിച്ചിരുന്നു. സംസ്ഥാനത്ത് ശരാശരി മൂവായിരം മില്ലീമീറ്റർ മഴ കിട്ടുമ്പോൾ 1500 മില്ലീമീറ്റർ മഴ കിട്ടുന്ന സ്ഥലമാണ് ചിറ്റൂർ. അതൊരു മഴനിഴൽ പ്രദേശമാണ്. എങ്കിലും ജലം യഥേഷ്ടം കിട്ടുന്ന പ്രദേശമാണ് പ്ലാച്ചിമടയും കഞ്ചിക്കോടും. യഥാർത്ഥത്തിൽ ഈ കമ്പനികൾ ആരംഭിച്ചതോടുകൂടി അവിടെ ശുദ്ധജലക്ഷാമം അനുഭവപ്പെടുകയാണ്. കിണറുകളിൽ വെള്ളമില്ല. പാടങ്ങൾ മുഴുവനും വറ്റിവരണ്ടുപോയി. ജനങ്ങൾ കുടിവെള്ളത്തിനു വേണ്ടി സമരരംഗത്താണ്. ഇവിടെനിന്നും ലഭിക്കുന്ന കിണർവെള്ളത്തിൽ കാഡ്മിയത്തിന്റെ അളവ് കൂടിയിരിക്കുകയാണ്. അതോടൊപ്പം കറുത്തീയം, മാംഗനീസ്, ഫോസ്ഫറസ്, സിങ്ക് തുടങ്ങിയവയുടെ അളവും കൂടിയിരിക്കുകയാണ്. ഇവിടെ ജനിക്കുന്ന കുട്ടികളുടെ തൂക്കം കുറയുന്നു. ഗർഭിണികൾ കുടിക്കുന്ന വെള്ളത്തിൽ കറുത്തീയത്തിന്റെ അളവ് കൂടിയതുകൊണ്ടാണ് കുട്ടികളുടെ തൂക്കം കുറയാനിടയായതെന്നാണ് വൈദ്യശാസ്ത്ര രംഗത്തെ പഠനം തെളിയിച്ചിരിക്കുന്നത്. അതിന്റെ ഫലമായി മാരകമായ ക്യാൻസർ രോഗം ഈ പ്രദേശത്തെ ജനങ്ങളിൽ വ്യാപകമായി വന്നിരിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. പ്രതിദിനം 10 ലക്ഷം ലിറ്റർ മുതൽ 15 ലക്ഷം ലിറ്റർവരെ ശുദ്ധജലമാണ് ഈ രണ്ടു കമ്പനികൾ ഉപയോഗിക്കുന്നത്. കൊക്കകോള കമ്പനി രണ്ടുലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം ക്യൂബിക് മീറ്റർ വെള്ളവും പെപ്സി കോള കമ്പനി മൂന്നു ലക്ഷത്തി അറുപത്തയ്യായിരം ക്യൂബിക് മീറ്റർ വെള്ളവുമാണുപയോഗിക്കുന്നത്. ഇത് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ പറഞ്ഞ മറുപടിയാണ്. ഇത് ഇതേ കമ്പനികൾ കൊടുത്ത കണക്കാണ്. അല്ലാതെ ഗവണ്മെന്റ് ഔദ്യോഗികമായി അന്വേഷിച്ച്, പരിശോധിച്ചുള്ള ഉത്തരമല്ല. ഇവിടെ നിന്നും പുറംതള്ളുന്ന വെള്ളം സംസ്കരിക്കുമ്പോഴുള്ള

LIBRARY ARCHIVES Kerala Legislative Assembly

മാലിന്യങ്ങൾ ഏറ്റവും രൂക്ഷമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നു എന്ന് പഠനങ്ങൾ തെളിയിക്കുന്നു. വെള്ളം പ്രോസസ്സ് ചെയ്ത് കിട്ടുന്ന ഖരമാലിന്യം കർഷകർക്ക് വളമായിട്ടുപയോഗിക്കാൻ കമ്പനിതന്നെ ഒരു ടണ്ണിന് 120 രൂപ വച്ച് സൗജന്യമായി കൊടുത്തു. കർഷകർ ഇതുപയോഗിച്ച് കൃഷി ചെയ്തപ്പോൾ ഖരമാലിന്യം മണ്ണിൽ അലിഞ്ഞു ചേർന്ന് വെള്ളത്തിൽ ചേർന്നപ്പോൾ ആ പ്രദേശത്തെ വെള്ളം ഉപയോഗിക്കാൻ പറ്റാത്ത അതിരൂക്ഷമായ പ്രശ്നമാണ് ഉയർന്നു വന്നിട്ടുള്ളത്. ഡൽഹിയിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ സയൻസ് ആന്റ് എൻവയോൺമെന്റ്, പരിശോധന നടത്തിയപ്പോൾ രാജ്യത്ത് വിതരണം ചെയ്യുന്ന കോള പോലെയുള്ള ശീതള പാനീയങ്ങളിൽ ഡി.ഡി.ടി. ഉൾപ്പെടെയുള്ള മാരകമായ വിഷാംശങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. നമ്മുടെ നാട്ടിൽ പത്രവാർത്ത കളൊക്കെ വന്നു, മദ്ധ്യപ്രദേശിലെ കൃഷിക്കാർ ഇപ്പോൾ കീടനാശിനികൾ കൃഷി സ്ഥലത്ത് ഉപയോഗിക്കുന്നില്ല. അതിനുപകരം പെപ്സികോളയാണുപയോഗിക്കുന്നത്. 10 ലിറ്റർ വെള്ളത്തിൽ ഒരു പെപ്സി കലർത്തിയാൽ കീടങ്ങളെ കൊല്ലാൻ പറ്റുന്ന മാരകമായ വിഷാംശമുള്ള കീടനാശിനിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത്തരം സ്ഥിതിവിശേഷം നമ്മുടെ രാജ്യത്ത് ഉയർന്നു വന്നതിന്റെ ഭാഗമായിട്ട് ഈ മേഖലയിലെ ജനങ്ങൾ കുടിവെള്ളത്തിനുവേണ്ടി വലിയ തോതിലുള്ള പ്രക്ഷോഭണത്തിന് വന്നിരിക്കുകയാണ്. പ്ലാച്ചിമടയിലെ ജനങ്ങൾ സമരരംഗത്താണ്. ഇൻഡ്യാക്കാരായ അന്താരാഷ്ട്ര പ്രമുഖരായ നിരവധി വ്യക്തികൾ അവിടെ എത്തിയിരുന്നു. കേരള നിയമസഭാ സമിതിയും, ജോയിന്റ് പാർലമെന്ററി കമ്മിറ്റിയുമെല്ലാം ഈ വിഷയത്തിൽ ഇടപെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പറഞ്ഞുവെങ്കിലും ഒരു നടപടിയും ഉണ്ടായിട്ടില്ല. പഞ്ചായത്ത് ഈ കമ്പനികൾ പൂട്ടാൻ ഉത്തരവ് കൊടുത്തു. സർക്കാർ ആ ഉത്തരവ് സ്റ്റേ ചെയ്തു. അവസാനം പഞ്ചായത്ത് ഹൈക്കോടതിയിൽ പോയി. അതിന്റെ അടിസ്ഥാനത്തിൽ, ഹൈക്കോടതി കമ്പനിയുടെ പ്രവർത്തനം തടഞ്ഞുവച്ചിരിക്കുകയാണ്. ഗവണ്മെന്റ് ഈ കമ്പനികൾ പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികളാണ് സ്വീകരിക്കുന്നത്. അതുപോലെ പഞ്ചായത്തിനുവേണ്ടി ഹാജരാകുന്ന വക്കീലിനുള്ള ഫീസ് പഞ്ചായത്ത് സ്വതന്ത്രമായാണ് തീരുമാനിക്കുന്നത്. സർക്കാർ ഇപ്പോൾ മൂവായിരം രൂപയിൽ കൂടുതൽ ഫീസ് കൊടുക്കാൻ പാടില്ലെന്ന് പറഞ്ഞിരിക്കുകയാണ്. ഹൈക്കോടതിയിൽ പ്രധാനപ്പെട്ട ഒരു വക്കീൽ ഹാജരാകണമെങ്കിൽ ഫീസെത്രയാണെന്ന് നമുക്കെല്ലാപേർക്കും അറിയാം. ഈ നിലയിൽ ഗവണ്മെന്റ് അനാവശ്യമായി ഈ പ്രശ്നത്തിൽ ഇടപെടുകയാണ്. അതുപോലെതന്നെ പെപ്സിക്കെതിരായി പഞ്ചായത്ത് ഹൈക്കോടതിയിൽ കേസ് കൊടുത്തു. സിംഗിൾ ബഞ്ചിന്റെ വിധി പെപ്സിക്ക് അനുകൂലമായിട്ടാണ് വന്നത്. കിൻഫ്ര വ്യവസായ പാർക്കിലാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

കമ്പനി പ്രവർത്തിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ ഈ കമ്പനിക്ക് പ്രവർത്തനാനുമതി ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് കൊടുത്തിരിക്കുകയാണ്. ഇപ്പോൾ പഞ്ചായത്ത് ഡിവിഷൻ ബഞ്ചിൽ കേസ് കൊടുത്തിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ കമ്പനികളുടെ പ്രവർത്തനം തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ജലക്ഷാമം ഏറ്റവും രൂക്ഷമായ രൂപത്തിൽ നമ്മുടെ നാട്ടിൽ ഉയർന്നുവരികയാണ്. കുത്തകക്കാർ ശുദ്ധജലം കയ്യടക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയാണ്. ലോകത്ത് ഇനിയൊരു മൂന്നാം ലോകമഹായുദ്ധമുണ്ടാകുകയാണെങ്കിൽ അത് ശുദ്ധജലത്തിന് വേണ്ടിയുള്ളതായിരിക്കുമെന്ന് പ്രമുഖർ പറഞ്ഞിട്ടുണ്ട്. ജലക്ഷാമം കൊണ്ട് പാലക്കാട് ജില്ല ബുദ്ധിമുട്ടുകയാണ്. വേനലിന്റെ ചൂടിൽ ജില്ല വെന്തുരുകുകയാണ്. ഈ രൂക്ഷമായ ജലക്ഷാമം തടയുന്നതിന് നടപടി സ്വീകരിക്കണം. ഇതുമായി ബന്ധപ്പെട്ട നിരവധി ചർച്ചകൾ നിയമസഭയിൽ തന്നെ വന്നതാണ്. ഇപ്പോൾ കൊക്കകോള കമ്പനി അടച്ചുപൂട്ടിയ വാർത്തയോട് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി പ്രതികരിച്ചത്, ഇതിന് ആലോചിക്കാതെ അനുമതി കൊടുത്തതുകൊണ്ടാണ് ഈ പ്രശ്നമുണ്ടായതെന്നാണ്. അങ്ങനെ അനുമതി കൊടുത്തത് ഇടതുപക്ഷം, വലതുപക്ഷം, എൽ.ഡി.എഫ്., യു.ഡി.എഫ്. എന്ന വിവാദത്തിന് പോകേണ്ട പ്രശ്നമല്ല. നമ്മുടെ നാടിനെ ബാധിക്കുന്ന ഏറ്റവും രൂക്ഷമായ ഒരു പ്രശ്നമാണിത്. അതുകൊണ്ട് ഈ ജലചൂഷണം അവസാനിപ്പിക്കുന്നതിന് ആവശ്യമായ ശക്തമായ നടപടിയാണ് സ്വീകരിക്കേണ്ടത്. ആഗോളവൽക്കരണത്തിന്റെ ഭാഗമായി 1993-ൽ കേന്ദ്ര ഗവൺമെന്റ് ഒപ്പിട്ട Memorandum of Understanding-ന്റെ അടിസ്ഥാനത്തിലാണ് ഇത്തരം സ്ഥാപനങ്ങൾ നമ്മുടെ രാജ്യത്ത് വന്നിട്ടുള്ളത്. അതുകൊണ്ട് ആരാണ് ഉത്തരവാദി എന്ന വിവാദത്തിലേക്ക് പോകാതെ ഈ പ്രശ്നത്തിന്റെ മെറിറ്റ് നോക്കി ശക്തമായ നടപടി സ്വീകരിക്കുന്നതിന് ആവശ്യമായ സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇന്ന് ഡി.വൈ.എഫ്.ഐ. യുടെ ആഭിമുഖ്യത്തിൽ ഈ കമ്പനികൾക്കെതിരെ പാലക്കാട് ജില്ലയിൽ മനുഷ്യച്ചങ്ങല ഉണ്ടാക്കുകയാണ്. കേരള സംസ്ഥാനത്തിന്റെ ജലസമ്പത്ത് ചൂഷണം ചെയ്യുന്ന ഈ കമ്പനികൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതിന് വേണ്ടി ആവശ്യമായിട്ടുള്ള നിയമമുണ്ടാക്കണം: നമ്മുടെ നിയമസഭ 2002-ൽ ഒരു നിയമം പാസ്സാക്കി. ഭൂജല (നിയന്ത്രണവും ക്രമീകരണവും) ബിൽ. ഈ ബില്ലിൽ അനുമതിയില്ലാതെ കിണർ കുഴിച്ചാൽ 1,000 രൂപ പിഴയും അത് പരിശോധിക്കാൻ ഉദ്യോഗസ്ഥർ പോകുമ്പോൾ അവരെ തടഞ്ഞാൽ 5,000 രൂപ പിഴയും ഈടാക്കണമെന്ന വ്യവസ്ഥയുണ്ട്. കൊക്കകോള കമ്പനിയെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

1,000 രൂപയോ 5,000 രൂപയോ ഒരു പ്രശ്നമേ അല്ല. ഒരു ശക്തമായ നിയമം ഇതുമായി ബന്ധപ്പെട്ട് ഉണ്ടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)* : അങ്ങ് പറഞ്ഞ വികാരത്തോട് ഞാൻ യോജിക്കുകയാണ്. പക്ഷേ 2000-ൽ ആ വികാരമുണ്ടായിരുന്നെങ്കിൽ ഇന്ന് ഇതുപോലെ വിലപിക്കേണ്ട സാഹചര്യമുണ്ടാകില്ലായിരുന്നു. അവിടെ പെരുമാട്ടി പഞ്ചായത്താണ് ഇതിനുവേണ്ടിയുള്ള കാര്യങ്ങളൊക്കെ ചെയ്തുകൊടുക്കുന്നതെന്ന് അങ്ങേയ്ക്കുമറിയാം. കഥയറിയാതെ നമ്മൾ ആട്ടം കാണേണ്ട കാര്യമില്ല. മാറിയ സാഹചര്യത്തിൽ നമുക്ക് ഏത് രൂപത്തിൽ ഇതിനെ സമീപിക്കാൻ പറ്റുമെന്നുള്ളതിനെകുറിച്ചുള്ള അങ്ങയുടെ അവസാനത്തെ ചിന്തയോട് ഞാൻ യോജിക്കുകയാണ്. ഇവിടെ ഈ ഗവൺമെന്റാണ് ഈ പാപഭാരം ചെയ്തതെന്ന ദു:സൂചന വരത്തക്കവിധത്തിൽ അങ്ങ് പറഞ്ഞത് അതിലെ അക്ഷരപിശകായി മാത്രം ഞാൻ കാണുകയാണ്. ഇത് എവിടെ തുടങ്ങി, എങ്ങനെ പോയി, എന്താണ് ഇതിന്റെ സ്ഥിതി എന്നതിനെക്കുറിച്ച് വളരെ കൃത്യമായി അറിയാത്തവർ കേരളത്തിലെ ജനസമൂഹത്തിൽ ആരുമില്ലെന്നാണ് എന്റെ വിശ്വാസം. പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിലെ പെപ്സികോള കമ്പനി ദിവസംതോറും 10 ലക്ഷം ലിറ്റർ ജലമാണ് ഉപയോഗിക്കുന്നത്. ജലവകുപ്പ് നേരിട്ട് അളവ് തിട്ടപ്പെടുത്തിയിട്ടില്ല. കമ്പനി 7 കുഴൽ കിണറുകളുടെ രജിസ്ട്രേഷനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ട്. കമ്പനി പ്രവർത്തിക്കുന്നതിന്റെ ഫലമായി ഗുരുതരമായ ഭൂജലക്ഷാമവും പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാകുന്നതുസംബന്ധിച്ച് ജലവിഭവവകുപ്പ് ഇതിനുമുൻപ് കാര്യമായ പഠനം നടത്തിയിട്ടില്ല. ഞാനിതിന്റെ ബാക്ക്ഗ്രൗണ്ട് മാത്രം പറയാം. പെരുമാട്ടി പഞ്ചായത്തിൽ പ്ലാച്ചിമടയിൽ 2000-ലാണ് കൊക്കകോള കമ്പനി സ്ഥാപിച്ചത്. ഏകദേശം 37 ഏക്കർ ഭൂമിയിലാണ് കമ്പനി നിലകൊള്ളുന്നത്. കമ്പനിയുടെ കണക്ക് പ്രകാരം കമ്പനിക്കുള്ളിൽ 2 തുറന്ന കിണറും 7 കുഴൽ കിണറുകളും നിർമ്മിച്ചിട്ടുണ്ട്. കൊക്കക്കോള കമ്പനിയുടെ കണക്ക് പ്രകാരം പ്രതിദിനം 5 ലക്ഷം ലിറ്റർ ജലമാണ് ഉപയോഗിക്കുന്നത്. പാലക്കാട് കോയമ്പത്തൂർ ഹൈവേയുടെ വടക്കുഭാഗത്തുള്ള മലനിരകൾക്കും തെക്ക് നെല്ലിയാമ്പതി മലനിരകൾക്കും ഇടയ്ക്കുള്ള നിരപ്പായ പ്രദേശത്തിന് പാലക്കാട് ഗ്യാപ്പ് എന്നുപറയുന്നു. ഇത് ഭൂജലം കൂടുതലായി ലഭിക്കുന്ന പ്രദേശമാണ്. ഇവിടുത്തെ പാറകളിൽ വിള്ളലുകൾ കൂടുതലുള്ളതും താരതമ്യേന നിരപ്പായ ഭൂപ്രകൃതിയും മഴയുടെ ലഭ്യതയും ഇതിന് കാരണമാണ്. ഈ പ്രദേശത്ത് ധാരാളം ഭൂജലം ലഭിക്കുന്ന സ്ഥലങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളതായി സാറ്റലൈറ്റ് ചിത്രങ്ങളിൽ നിന്നും മനസ്സിലാക്കാം. പ്ലാച്ചിമട പ്രദേശത്ത് ഇത്തരം ലീനിയമെന്റുകൾ ഉണ്ട്. എന്നാൽ പ്ലാച്ചിമട ഉൾപ്പെടുന്ന പാലക്കാട്ടെ കിഴക്കൻ മേഖലയിൽ ഭൂജലം കൃഷിക്കുവേണ്ടി ധാരാളമായി ഉപയോഗിക്കുന്നതുകൊണ്ട് ഇവിടെ പല സ്ഥലങ്ങളിലും ഭൂജലനിരപ്പ് വേനൽക്കാലത്ത് വളരെയധികം താഴുന്നതായി കാണുന്നു. 2000-ൽ ഇത് കൊടുക്കുന്ന സമയത്ത് ഈ സാഹചര്യത്തെക്കുറിച്ചൊക്കെ അസസ്സ് ചെയ്യേണ്ടതായിരുന്നു. ഭൂജലചൂഷണത്തെക്കുറിച്ചുണ്ടായ പരാതിയുടെ അടിസ്ഥാനത്തിൽ മാർച്ച് 2002-ലാണ് ജലവിഭവവകുപ്പ് പ്ലാച്ചിമടയിൽ വിശദമായ പഠനം തുടങ്ങിയത്. ഈ പ്രദേശത്തും തൊട്ടടുത്ത പ്രദേശത്തുമുള്ള 16 സാധാരണ കിണറുകളും 5 കുഴൽ കിണറുകളുമാണ് പഠനത്തിന് വിധേയമാക്കിയത്. സാധാരണ കിണറുകളിലെ ജലവിതാനത്തിന്റെ വ്യതിയാനം, ഗുണനിലവാരം, കുഴൽ കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരം എന്നീ കാര്യങ്ങളാണ് പരിശോധിച്ചിരുന്നത്. ഇതുപോലുള്ള വിശദമായ പഠനം ഈ പ്രദേശത്ത് കമ്പനി വരുന്നതിന് മുമ്പ് വകുപ്പ് നടത്തിയിട്ടില്ല. അതുകൊണ്ട് അവിടത്തെ കിണറുകളിലെ പൂർവ്വകാല ജലനിരപ്പ്, ഗുണനിലവാരം എന്നിവയെക്കുറിച്ചുള്ള വിവരം ഔദ്യോഗികമായി ലഭ്യമല്ല. ജലവിഭവവകുപ്പ് സംസ്ഥാനത്ത് 303 സാധാരണ കിണറുകളിലേയും 447 കുഴൽ കിണറുകളിലേയും ഭൂജല നിരപ്പ്, ജലത്തിന്റെ ഗുണനിലവാരം എന്നിവയെസംബന്ധിച്ച് വർഷങ്ങളായി പഠനം നടത്തുന്നുണ്ട്. പ്ലാച്ചിമടയ്ക്ക് ഏറ്റവും അടുത്തുള്ളത് വണ്ടിത്താനത്തെ നിരീക്ഷണ കുഴൽ കിണറാണ്. ഇതിൽ 1998 മുതലുള്ള ഡാറ്റാ അനുസരിച്ച് ജലനിരപ്പ് താഴുന്നതായി കാണുന്നുണ്ട്. ഭൂജല ഉപയോഗം കൂടിയതാണ് ഇതിനുള്ള പ്രധാനപ്പെട്ട കാരണം. കൊക്കകോള കമ്പനിയിലും പരിസരത്തുമുള്ള 16 സാധാരണ കിണറുകളിലെ ഭൂജല നിരപ്പിലുള്ള മാറ്റത്തെക്കുറിച്ച് ഭൂജലവകുപ്പ് 2002 മാർച്ച് മുതൽ 2002 ആഗസ്റ്റ് വരെ പഠനം നടത്തുകയും സെപ്റ്റംബർ 2003-ൽ സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്തു. മാർച്ച് 2002-ലേയും മാർച്ച് 2003-ലേയും ജലനിരപ്പ് താരതമ്യപ്പെടുത്തി നോക്കിയപ്പോൾ ഒരു കുഴൽ കിണർ പൂർണ്ണമായി വറ്റിപ്പോയതായും 9 കിണറുകളിൽ 0.22 മീറ്റർ മുതൽ 1.37 മീറ്റർ വരെ ജലനിരപ്പ് താഴ്ന്നതായും കണ്ടു. അതേസമയം 6 കിണറുകളിലെ ജലനിരപ്പ് 0.21 മീറ്റർ മുതൽ 1.10 മീറ്റർവരെ ഉയർന്നതായും കണ്ടു. ജൂലൈ 2003-ൽ 2 കിണറുകൾ കൂടി വറ്റിപ്പോയി. കൊക്കകോള കമ്പനിയിലേയും പരിസരപ്രദേശത്തുമുള്ള കൃഷി ആവശ്യത്തിനുള്ള കിണറുകളിലെ പമ്പിംഗ്, കഴിഞ്ഞ ചില വർഷങ്ങളിലെ മഴയിലുള്ള കുറവ് എന്നിവയാണ് ഭൂജല നിരപ്പ് താഴുവാൻ കാരണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കമ്പനിയിൽനിന്നും പുറത്തുവിടുന്ന ജലംമൂലമുണ്ടാകുന്ന റീ ചാർജ്ജ്, കമ്പനിയിൽ നടത്തുന്ന കൃത്രിമ ഭൂജല സംപോഷണം എന്നിവയാണ് ചില കിണറുകളിൽ ഭൂജലനിരപ്പ് ഉയരുവാനുള്ള കാരണം. പാറകളിലുള്ള സൂഷിരങ്ങളുടെ ഘടനയും ഗതിയും അനുസരിച്ചാണ് റീ ചാർജ്ജ് ചെയ്യപ്പെടുന്ന മഴവെള്ളം ഭൂമിയിൽ ഒഴുകിപോകുന്നത്. പ്ലാച്ചിമടയിലുള്ള കമ്പലത്തറ ജലാശയത്തിൽ മുണ്ടത്തറ റഗുലേറ്ററിൽനിന്നും വെള്ളം എത്തുന്നതും ഭൂജല നിരപ്പിനെ ഉയർത്തുവാൻ സഹായിക്കുന്നു. പഠനം അനുസരിച്ച് കമ്പനി ഭൂജലം ഉപയോഗിക്കുന്നത് നിയന്ത്രിക്കണമെന്ന് വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ട്. 16 നിരീക്ഷണ കിണറുകളിലെ ജലം പരിശോധിച്ചതിൽ ഫാക്ടറിയുടെ സമീപ പ്രദേശത്തുള്ള 5 കിണറുകളിൽ ജലത്തിന്റെ കാഠിന്യം അനുവദനീയമായ അളവിലും കൂടുതലായി കണ്ടിട്ടുണ്ട്. ഇവയിൽ ഒരു കിണറിൽ കാൽസ്യം, ക്ലോറൈഡ് എന്നിവയും അനുവദനീയമായ അളവിലും കൂടുതലായി കാണുന്നു. ഇത് ഫാക്ടറി പുറത്തുവിടുന്ന മാലിന്യങ്ങളിൽ നിന്നാവാൻ സാധ്യതയുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 2125/2003 റിട്ട് അപ്പീലിൻമേൽ 19-1-2003-ലെ ഉത്തരവിൻ പ്രകാരം സി.ഡബ്ല്യു.ആർ.ഡി.എം. എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റി കൊക്കകോള കമ്പനിയുടെ ഭൂജലത്തിന്റെ അളവിനെയും വിനിയോഗത്തെയും കുറിച്ചുള്ള പഠനം നടത്തി, 2005 ഫെബ്രുവരി 3-ന് ഹൈക്കോടതിയുടെ മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. ഇതാണ് ഇതിന്റെ യഥാർത്ഥത്തിലുള്ള വശം.

ശ്രീ. വി. ചെന്താമരാക്ഷൻ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ വീണ്ടും ഇതിൽ ദു:സൂചനകളുണ്ടാകുന്ന രൂപത്തിലാണ് പറഞ്ഞത്. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ഇങ്ങനെയൊരു ഉത്തരവ് കൊടുത്തിട്ടില്ല. ആഗോളവൽക്കരണനയം നമ്മുടെ രാജ്യത്ത് നടപ്പിലാക്കാൻ തുടങ്ങിയതിന്റെ ഭാഗമായി വിദേശ കമ്പനികൾക്ക് യഥേഷ്ടം നമ്മുടെ രാജ്യത്ത് വന്ന് ജലം ചൂഷണം ചെയ്യാനുള്ള സാഹചര്യമുണ്ടായി. എന്റെ ചോദ്യം, ഇപ്പോൾ മറുപടിയിൽ അങ്ങ് തന്നെ സമ്മതിച്ചു, അതിരൂക്ഷമായ ജലചൂഷണം നടക്കുന്നുണ്ടെന്ന്. അത് തടയുന്നതിനാവശ്യമായ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, ആഗോളവൽക്കരണം ഉണ്ടായി എങ്കിൽ, ആയിരം പഞ്ചായത്തുകളിൽ പെരുമാട്ടി പഞ്ചായത്തിൽ മാത്രമെ ഇത് വന്നുള്ളു എന്നുള്ളത് ഒരു വശത്ത് നിൽക്കുന്നുണ്ട്. ആഗോളവൽക്കരണത്തിന്റെ ഭാഗമാണെങ്കിൽ

കേരളത്തിലെ ആയിരം പഞ്ചായത്തുകളിലും വരരുതോ? പക്ഷേ എങ്കിലും ഒരു പഞ്ചായത്തിലെ വന്നുള്ളൂ. ഞാൻ അതിലെ രാഷ്ട്രീയ ദുഃസൂചന ഉപേക്ഷിക്കുന്നു. ഞാൻ ദുഃസൂചനയൊന്നും പറയുന്നില്ല. ഞാൻ രാഷ്ട്രീയവും പറഞ്ഞില്ല. ഡേറ്റ് പറഞ്ഞു. ഡേറ്റുമായി താരതമ്യപ്പെടുത്തി നോക്കിയപ്പോൾ എന്റെ തലയിൽ തൂവൽ ഉണ്ട് എന്നു തോന്നിയില്ലെങ്കിൽ എന്റെ കുറ്റമല്ല. മൂന്നാമത്തേത് ജല ചൂഷണം ഒഴിവാക്കുന്നതിനുവേണ്ടി പാലക്കാട് ജില്ലയിലെ അതിരൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ പരമ്പരാഗത ജലസ്രോതസുകൾ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു പദ്ധതി ഇന്ത്യാ ഗവൺമെന്റിനു മുമ്പാകെ നമ്മൾ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി തത്വത്തിൽ അംഗീകരിക്കുമെന്നു ഇന്ത്യാ ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികളുമായി സംസ്ഥാന ഗവൺമെന്റ് നീങ്ങുന്നതാണ്.

(2) ഗുരുവായൂർ അഴുക്കുചാൽ പദ്ധതി പൂർത്തീകരണത്തിലെ കാലതാമസംമൂലം ഉണ്ടായിരിക്കുന്ന ഗുരുതരാവസ്ഥ

ശ്രീ. പി. കെ. കെ. ബാവ : സർ, തദ്ദേശിയരും അന്യ സംസ്ഥാനക്കാരും വിദേശ ടൂറിസ്റ്റുകളും ഉൾപ്പെടെ ലക്ഷക്കണക്കായ തീർത്ഥാടകരും സന്ദർശകരും ദിനംപ്രതി വന്നുപോകുന്ന ഏക തീർത്ഥാടന കേന്ദ്രമാണ് ഗുരുവായൂർ. ഇവിടെ ഒരു അഴുക്കുചാൽ നിർമ്മാണ പദ്ധതിക്കുവേണ്ടി 1973-ൽ അന്ന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ദിവംഗതനായ നഫാ സാഹിബായിരുന്നു നടപടി ആരംഭിച്ചത്. ഇതിന്റെ പണി 1975-ൽ ആരംഭിക്കുകയും ചെയ്തു. കിണറുകളും പമ്പുകളും 90 ശതമാനം പൈപ്പു ലൈനുകളും സ്ഥാപിച്ചു. ആവശ്യമായ സ്ഥലം അക്വയർ ചെയ്തു. പ്ലാന്റുണ്ടാക്കുന്നിടത്തുണ്ടാകാവുന്ന ശുദ്ധജല മലിനീകരണത്തിന് ശാശ്വത പരിഹാരമായി ജനങ്ങളും ജനപ്രതിനിധികളും ആവശ്യപ്പെട്ട പ്രകാരം 25 ലക്ഷം രൂപയുടെ ശുദ്ധജലവിതരണ പദ്ധതിയും, ഈ പദ്ധതിയുടെ അനുബന്ധമായി നടപ്പിലാക്കാൻ ഉത്തരവായി. ഈ ശുദ്ധജല പദ്ധതിയുടെ ഉന്നതതല ജലസംഭരണി ഒഴികെയുള്ള പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. ടാങ്ക് ഒഴിവാക്കി പൈപ്പ് ലൈനിൽകൂടി ശുദ്ധജല വിതരണം 2004 ഡിസംബർ മുതൽ തുടങ്ങിയിട്ടുണ്ട്. ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി 9 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പക്ഷേ ട്രീറ്റുമെന്റ് പ്ലാന്റിന്റെ പണി പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ടു മാത്രം ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കാതെ വന്നിരിക്കുകയാണ്. ഇതുമൂലം ഗുരുവായൂരിൽ വന്നുകൊണ്ടിരിക്കുന്ന ലക്ഷക്കണക്കായ ടൂറിസ്റ്റുകളും തീർത്ഥാടകരും നാട്ടുകാരും ഏറെ ദുരിതവും ദുരന്തവും അനുഭവിക്കുകയാണ്. ഇത് അവിടത്തെ ജനങ്ങളുടെ ആരോഗ്യത്തെ വളരെ

LIBRARY ARCHIVES Kerala Legislative Assembly